'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ആസ്തി വികസന പദ്ധതി 2015-16 - പൊന്നാനി നിയോജകമണ്ഡലം - നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് നിർമ്മാണം എന്ന പ്രവർത്തി - നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് പ്രവൃത്തി എന്ന് തിരുത്തി - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.283/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/02/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.1981/2016/തസ്വഭവ, തീയതി 24.06.2016

2 സ.ഉ.(സാധാ)നം.8817/2019/ധന, തീയതി 08.11.2019

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 17.10.2019-ലെ DB4/1118/14/CE/LSGD നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ പൊന്നാനി നിയോജകമണ്ഡലത്തിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് നിർമ്മാണം എന്ന പ്രവർത്തിയുടെ പേര് നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് പ്രവൃത്തി എന്ന് തിരുത്തി ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകണമെന്ന് പരാമർശം (3) കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പേര് നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് പ്രവൃത്തി എന്ന് തിരുത്തി ഭരണാനുമതി ഭേദഗതി ചെയ്യാൻ പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ,ബഹു. നിയമസഭാ സ്പീക്കറും പൊന്നാനി നിയോജകമണ്ഡലം എം.എൽ.എ യുമായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവർകളുടെ 2015-16 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് നിർമ്മാണം എന്ന പ്രവർത്തിയുടെ പേര് "നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ മുതുകാട് കുട്ടിസാഹിബ് ബൈപ്പാസ് റോഡ് പ്രവൃത്തി" എന്ന്

തിരുത്തി പരാമർശം (1) ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം

സെക്രട്ടറി, നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി (201576)

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ